(ബി) തൊടുപുഴ താലൂക്കിലുള്ള മണക്കാട് പഞ്ചായത്ത് രണ്ടായി വിഭജിക്കുവാനുള്ള നടപടി നടത്തുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്തുകളുടെ പുനർവിഭജനം ആവശ്യപ്പെട്ടുകൊണ്ട് 36 പഞ്ചായത്തുകളിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ട്. നിവേദനങ്ങളെപ്പറ്റി ഡിപ്പാർട്ടുമെൻറുവഴി വേണ്ടതായ അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) മണക്കാട് പഞ്ചായത്തിനെ രണ്ടായി വിഭജിക്കണമെന്ന് ആവശ്യപ്പെടുന്ന നിവേദനം ലഭിച്ചാൽ അതെപ്പറ്റി ആലോചിക്കുന്നതാണ്.

പഞ്ചായത്ത് ആഫീസർമാർ.

*271. [14] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തെ ഏതു പഞ്ചായത്തുകളിൽ പഞ്ചായത്ത് ആഫീസറന്മാരെ നിയമിച്ചിട്ടുണ്ട്;

(ബി) ഈ സംസ്ഥാനത്തെ ഏതു പഞ്ചായത്തുകളിൽ ഒന്നാം ഗ്രേഡ് പഞ്ചായത്താഫീസറന്മാരെ നിയമിച്ചിട്ടുണ്ട്;

(സി) ഏതു പഞ്ചായത്തുകളിൽ രണ്ടാംഗ്രേഡ് പഞ്ചായത്താഫീസറന്മാരെ നിയമിച്ചിട്ടുണ്ട്;

(ഡി) പഞ്ചായത്താഫീസറന്മാർക്ക് പരിശീലനം നൽകുവാൻ ഒരു പഞ്ചായത്തുകാളേജ് തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ആകെ 548 പഞ്ചായത്താഫീസറന്മാരെ നിയമിക്കുവാൻ ഉത്തരവായി. പബ്ലിക് സർവ്വീസ് കമ്മീഷൻ 548 പേരെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എളംകുളം പഞ്ചായത്ത് എറണാകുളം മുൻസിപ്പാലിറ്റിയോട് ചേർത്തുകൊണ്ട് ഇപ്പോൾ 547 പഞ്ചായത്തുകളേ നിലവിലുള്ളൂ. പഞ്ചായത്ത് ആഫീസറന്മാരായി തെരഞ്ഞെടുക്കപ്പെട്ടവരുടെ സ്വഭാവത്തേയും, മുൻ ചെയ്തികളെപ്പറ്റിയും, മറ്റും ഉള്ള റിപ്പോർട്ട് കിട്ടുവാനുള്ള താമസംകൊണ്ട് 70 പേരുടെ നിയമനം കഴിഞ്ഞിട്ടില്ല. ബാക്കി 477 പേരെ നിയമിച്ചുകഴിഞ്ഞു.

(ബി, സി) ചോദ്യം "എ"യുടെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ള 477 പേരിൽ 137 പേർ ഒന്നാംഗ്രേഡിലും, 340 പേർ രണ്ടാംഗ്രേഡിലും ആണ്.

(ഡി) ഒരു പഞ്ചായത്ത് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്.

യൂണിവേഴ്സിറ്റി ബില്ല്

*272. [15] ശ്രീ. പി. കെ. യശോധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) യൂണിവേഴ്സിറ്റി ബില്ല് ഈ നിയമസഭയിൽ കൊണ്ടുവരുന്നുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly